# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 2888.

22..6..2012-ൽ മറുപടിക്ക്

## പാലും പാലുല്പന്നങ്ങളുടെ ഉല്പാദനവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ. | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജനങ്ങളുടെ ഉപയോഗത്തിനായുള്ള പാലും പാലുത്പന്നങ്ങളും സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ആർ.കെ.വി.വൈ, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണ നിലവാര ബോധവൽക്കരണം, ശാസ്ത്രീയ പശുപരിപാലനം സംബന്ധിച്ച സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പ്രദർശനങ്ങൾ, ബ്ലോക്ക്-ജില്ലാതല ക്ഷീര സംഗമങ്ങൾ ഉടങ്ങി ഒട്ടേറെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെ തന്നെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ക്ഷീരവികസന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെയും മറ്റുൽപ്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു; | (ബി) | 2011 ആഗസ്റ്റ് 5 വരെ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ (എം.എം.പി.ഒ.-92) അടിസ്ഥാനത്തിൽ ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്നതോ ആയ ബ്രാൻഡുകൾ ക്ഷീരവികസന വകുപ്പ് ഡയറക്ടർ നിരോധിച്ചിരുന്നു. എന്നാൽ 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്ന സാഹചര്യത്തിൽ പാൽഗുണ നിലവാര പരിശോധന സംബന്ധിച്ച നടപടികൾ ക്ഷീരവികസന വകുപ്പിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യ |

ത്തിൽ പാൽ ഗുണനിലവാര പരിശോധന നടത്താൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ല.

(സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ ആണ് ചെയ്തുവരുന്നത്; വിശദാംശം നല്കാമോ;

(സി) ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുവേണ്ടി ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുവാൻ ധനസഹായം, സംഘത്തിന്റെ കെട്ടിട നിർമ്മാണം, പുതുതായി രൂപീകരിക്കുന്ന സംഘത്തിനുള്ള ധനസഹായം, സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ധനസഹായം, പാൽ പരിശോധനാ ഉപകരണങ്ങൾ, കെമിക്കൽസ് എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം, എം.എസ്.ഡി.പി. പദ്ധതി പ്രകാരം ക്ഷീരസംഘങ്ങൾക്ക് ഡയറി യൂണിറ്റുകളും ഹീഫർ യൂണിറ്റുകളും, പുൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി വാണിജ്യാടിസ്ഥാന പുൽകൃഷിക്ക് ധനസഹായം, തീറ്റപ്പുൽ വിപണനത്തിനുള്ള ധനസഹായം, ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം എന്നിവ നല്കി വരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ മിൽമ വഴി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുകയും വിപണനം ചെയ്യപ്പെടുകയും ചെയ്യുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മായം ചേർക്കൽ തടയുന്നതിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ?

(ഡി) 2011 ആഗസ്റ്റ് 5 വരെ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ (എം.എം.പി.ഒ.-92) അടിസ്ഥാനത്തിൽ ഗുണനിലവാരം കുറഞ്ഞതോ, മായം കലർന്നതോ ആയ ബ്രാൻഡുകൾ ക്ഷീരവികസന വകുപ്പ് ഡയറക്ടർ നിരോധിച്ചിരുന്നു. എന്നാൽ 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 നിലവിൽ വന്ന സാഹചര്യത്തിൽ പാൽ ഗുണനിലവാര പരിശോധന സംബന്ധിച്ച നടപടികൾ ക്ഷീരവികസന വകുപ്പിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാൽ ഗുണനിലവാര പരിശോധന നടത്താൻ ക്ഷീരവികസന വകുപ്പിന് അധികാരമില്ല.

സെക്ഷൻ ഓഫീസർ.